# ഇടുക്കി ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം
## (ഹാജർ : ശ്രീമതി ജിനുമോൾ വർഗീസ്, നഗരാസൂത്രകൻ)

വിഷയം:- നഗരാസൂത്രകന്റെ കാര്യാലയം, ഇടുക്കി – മണക്കാട് ഗ്രാമപഞ്ചായത്ത് – പ്ലോട്ട് സബ്ഡിവിഷൻ അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1 ശ്രീ. അബി ജോൺ, ഈന്തുങ്കച്ചാലിൽ, മാറിക പി.ഓ, പാലക്കുഴ എന്നയാളുടെ 06.04.2022 – ലെ അപേക്ഷയും പ്ലാനുകളും.
2.മണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27/12/2021-ലെ എ 4-3039/21 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ : TCPIDK/112/2022- D1 തീയതി : 28/04/2022**

മണക്കാട് ഗ്രാമപഞ്ചായത്തിൽ മണക്കാട് വില്ലേജിൽ സർവ്വേ നമ്പറുകൾ 374/1-2, 374/1-1-1, 374/3, 374/4 എന്നിവയിൽ ശ്രീ. അബി ജോൺ, ഈന്തുങ്കച്ചാലിൽ, മാറിക പി.ഓ, പാലക്കുഴ എന്നയാളുടെ ഉടമസ്ഥതയിലുള്ള ആകെ 6595 ച.മീ. വിസ്തീർണ്ണമുള്ള സ്ഥലം വാസഗൃഹ ഉപയോഗത്തിനായി പ്ലോട്ട് സബ്ഡിവിഷൻ നടത്താനുള്ള അംഗീകാരത്തിനായി മേൽ പരാമർശം മുഖേന ലഭിച്ച അപേക്ഷയും പ്ലാനുകളും കെ.പി.ബി.ആർ ചട്ടം 5(6) പ്രകാരമുള്ള വിലയിരുത്തൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേ ഔട്ടിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ ചട്ടം 6(4)(1) പ്രകാരം പഞ്ചായത്ത് സെക്രട്ടറി പരിശോധിക്കേണ്ടതും ആയതിൽ വ്യത്യാസം ഉള്ള പക്ഷം പുതുക്കിയ ലേ ഓട്ട് അനുമതി ലഭ്യമാക്കേണ്ടതുമാണ്.
2. കെ.പി.ബി.ആർ ചട്ടം 10 പ്രകാരമുള്ള അനുമതികൾ ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. കെ.പി.ബി.ആർ ചട്ടം 9 (2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി അതിരുകൾ, അളവുകൾ, നിർമ്മാണാവകാശം എന്നിവയും, ടി സ്ഥലത്ത് പുറംപോക്ക് ഭൂമി ഉൾപ്പെടുന്നില്ലയെന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
4. നിലവിലുള്ള നിയമപ്രകാരം മറ്റ് വകുപ്പുകൾ, ഏജൻസികൾ എന്നിവയിൽ നിന്നും ആവശ്യമായ അനുമതി / എൻ.ഒ.സി എന്നിവ ലഭ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. നിർമ്മാണം കെ.പി.ബി.ആർ 2019-നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം. ഈ ഉത്തരവ് നിർമ്മാണാനുമതിയല്ല. ചട്ടപ്രകാരമുള്ള നിർമ്മാണ അനുമതി ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും നേടേണ്ടതാണ്.

JINUMOLE VARGHESE, TP
TPIDK, O/o TP TPIDK

ഉള്ളടക്കം : അംഗീകൃത പ്ലാനിന്റെ പകർപ്പ്

To

സെക്രട്ടറി

മണക്കാട് ഗ്രാമപഞ്ചായത്ത്

പകർപ്പ് : - 1) കരുതൽ ഫയൽ

2) അധികം

Signature Not Verified

Digitally signed by JINU MOLE VARGHESE
Date: 2022.04.28 14:38:19 IST
Reason: Approved